**പതിനാലാം കേരളനിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2330** 08/05/2017 -ൽ മറുപടിയ്ക്ക്

**എസ്.എസ്.എൽ.സി. പരീക്ഷാ നടത്തിപ്പിലെ ക്രമക്കേടുകൾ**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.എം.ഉമ്മർ : | | പ്രൊഫ.സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് എസ്.എസ്.എൽ.സി. പരീക്ഷാ നടത്തിപ്പിലെ പോരായ്മകളുമായി ബന്ധപ്പെട്ട വിഷയങ്ങൾ വിശദമായി പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | 20.03.2017 ലെ ഗണിതശാസ്ത്രം പരീക്ഷയുടെ ചില ചോദ്യങ്ങൾ ഒരു പ്രൈവറ്റ് സ്ഥാപനത്തിന്റെ മോഡൽ ചോദ്യങ്ങളുമായി സാമ്യമുണ്ടെന്ന് കണ്ടെത്തിയതിനാൽ പ്രസ്തുത പരീക്ഷ റദ്ദ് ചെയ്യുകയും 30.03.2017 ന് പുന:പരീക്ഷ നടത്തുകയുമുണ്ടായി. ഇതു സംബന്ധിച്ച് വിജിലൻസ് അന്വേഷണം പ്രഖ്യാപിച്ചിട്ടുണ്ട്. |
| (ബി) എങ്കിൽ ഇനി ഇത്തരത്തിലുള്ള പോരായ്മകൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; | (ബി) | പോരായ്മകൾ എന്തൊക്കെയാണെന്ന് പരിശോധിച്ചു വരുന്നതേയുള്ളൂ. |
| (സി) ചോദ്യപേപ്പർ തയ്യാറാക്കുന്നതിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തുന്നതിനും പൊതു പരീക്ഷകളുടെ വിശ്വാസ്യത നേടിയെടുക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് അറിയിക്കുമോ; വിശദാംശം നൽകുമോ? | (സി) | ഇക്കാര്യം പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ